ശ്രീ. സി. എ. മാത്യു : പോലീസ് വെരിഫിക്കേഷൻ കഴിഞ്ഞതിൽ പിന്നീടും സ്ഥിരപ്പെടുത്താത്ത അനേകം ജോലിക്കാർക്ക്, അവർക്ക് സ്വന്തം വീട്ടിൽ പോകണമെങ്കിൽപ്പോലും ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറുവക ബസ്സുകളിൽ ചാർജ്ജ് കൊടുക്കേണ്ടതായിട്ടുള്ളതു കൊണ്ട് വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇതു മാറ്റുന്നതിനുവേണ്ടി അടിയന്തിരമായി എന്തെങ്കിലും നടപടി ഗവണ്മെൻറിൽനിന്നും എടുക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. കെ. ടി. അച്യുതൻ : ഇക്കാര്യം തന്നെ ബഹുമാനപ്പെട്ട മെമ്പറന്മാർ ഈ നിയമസഭയിൽ മുമ്പും ഉന്നയിച്ചിട്ടുണ്ട്. സ്ഥിരമായ വേക്കൻസി വന്നാൽ മാത്രമേ സ്ഥിരപ്പെടുത്താൻ നിവൃത്തിയുള്ളൂ. ഇതു കഴിച്ച് ലീവെടുക്കുന്ന അവസരത്തിൽ ആളുകളെ നിയമിക്കുന്നുണ്ട്.

ഇലക്ട്രിസിറ്റിബോർഡ് വാങ്ങിയ ട്രക്കുകൾ

* 828. [14] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963 ജനുവരി മാസത്തിനുശേഷം ഇലക്ട്രിസിറ്റി ബോർഡ്, ബോർഡിൻെറ ആവശ്യത്തിനുവേണ്ടി എത്ര ട്രക്കുകൾ വാങ്ങുകയുണ്ടായി ; എത്ര ട്രക്കുകൾക്ക് ഓർഡർ കൊടുത്തിട്ടുണ്ട് ;

(ബി) ഏതെല്ലാം ഇനം ട്രക്കുകളാണ് വാങ്ങിയിട്ടുള്ളതു് ; എന്തെല്ലാം വ്യവസ്ഥകളിലാണ് വാങ്ങിയതു് ;

(സി) കൂടുതൽ ലാഭകരമായ ഡീസൽ വണ്ടികൾ വാങ്ങാതെ പെട്രോൾ ട്രക്കുകൾ വാങ്ങിയിട്ടുണ്ടോ ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ) :

(എ) 1963 ജനുവരിക്കുശേഷം 16 ട്രക്കുകൾ വാങ്ങുകയും, 53 ട്രക്കുകൾക്ക് ഓർഡർ കൊടുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 10 ഡീസൽ ട്രക്കുകളും 6 പെട്രോൾ ട്രക്കുകളുമാണ് വാങ്ങിയിട്ടുള്ളതു്, ഇവയുടെ ചേസിസ് വാങ്ങിയതു് ഇൻഡ്യാ ഗവണ്മെൻറു നിജപ്പെടുത്തിയിട്ടുള്ള റേറ്റു് കൺട്രോൾ അനുസരിച്ചും ബോഡിനിർമ്മാണം നടത്തിയിട്ടുള്ളതു് ടെണ്ടർ അടിസ്ഥാനത്തിലുമാണ്.

(സി) പ്രോജക്ട് പ്രദേശത്തിനു് കൂടുതൽ പ്രയോജനപ്രദമായതു് പെട്രോൾ ട്രക്കുകളാണ്. ഡീസൽ വണ്ടികൾക്ക് പ്രവർത്തനച്ചെലവിൽ അൽപ്പം ലാഭം പ്രതീക്ഷിക്കാമെങ്കിലും പെട്രോൾ വണ്ടികൾക്കാണ് വിലക്കുറവ്. കൂടാതെ ഡീസൽ ട്രക്കുകൾക്ക് റിപ്പെയർ പണികൾ നടത്തുന്നതിനു് വിദഗ്ധരായ ജോലിക്കാർ പ്രോജക്ടുകളിൽ ഇല്ല. ബോർഡിൻെറ അധീനത്തിലുള്ള ട്രക്കുകളുടെ എണ്ണവും വളരെ പരിമിതമാണ്. അതുകൊണ്ട് ഡീസൽ ട്രക്കുകളുടെ റിപ്പയർ പ്രത്യേക ജോലിക്കാരെ നിയമിച്ചു് നടത്തുന്നതു് ലാഭകരമല്ല. ഇക്കാരണങ്ങളാൽ പ്രോജക്ടു പ്രദേശങ്ങളിലെ ആവശ്യങ്ങൾക്ക് പെട്രോൾ ട്രക്കുകളാണ് വാങ്ങിയിരിക്കുന്നതു്. എങ്കിലും ബോർഡിൻെറ ഇലക്ട്രിസിറ്റി വിഭാഗത്തിനാവശ്യമായിട്ടുള്ള വണ്ടി വാങ്ങുന്ന കാര്യത്തിൽ ഡീസൽ വണ്ടികൾകൂടി പരിഗണന നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly